നമ്പർ.എസ്.സി.റ്റി(2)2815/11 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി : 04.07.2011

## സർക്കുലർ നമ്പർ. 47/2011

വിഷയം : സഹകരണ വകുപ്പ് – സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006–2008) 4–ാ മത് റിപ്പോർട്ട് ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നത് – അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന : സർക്കാരിന്റെ 14.01.2011 ലെ 4563/എ2/08/സഹ നമ്പർ. കത്ത്.

................

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006–2008) 4–ാമത് റിപ്പോർട്ടിൽ സഹകരണ നിയമം 33–ാം വകുപ്പിന്റെ (IA) ഉപവകുപ്പ് പ്രകാരം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി നീട്ടുന്നതിനായി പുറപ്പെടുവിക്കുന്ന വിജ്ഞാപനം പ്രസ്തുത അഡ്മിനിസ്ട്രേറ്ററുടെ കാലാവധി കഴിഞ്ഞതിന് ശേഷമാണ് പുറപ്പെടുവിച്ചു കാണുന്നതെന്നും അപ്രകാരമുള്ള കാലതാമസം ഒഴിവാക്കണമെന്നും കൂടാതെ വിജ്ഞാപനത്തിലെ വിശദീകരണ കുറിപ്പിൽ കൂടി അഡ്മിനിസ്ട്രേറ്ററുടെ കാലാവധി നീട്ടുന്നതിനുള്ള കാരണവും സംഘത്തിൽ യഥാസമയം ഇലക്ഷൻ നടത്താതിരിക്കാനുള്ള കാരണവും ഉൾപ്പെടുത്തണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ലെജിസ്ലേഷൻ കമ്മിറ്റി (2006–2008) യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി തീരുന്നതിന് മുമ്പായി വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ലെജിസ്ലേഷൻ കമ്മിറ്റിയെ സർക്കാർ അറിയിച്ചു. ഈ സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള വിജ്ഞാപനം ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്ററുടെ കാലാവധി തീരുന്നതിനുമുമ്പായി പുറപ്പെടുവിക്കാൻ സാധിക്കുന്ന വിധം കരട് വിജ്ഞാപനം സർക്കാരിന് സമയബന്ധിതമായി സമർപ്പിക്കേണ്ടതും വിജ്ഞാപനത്തിലെ Explanatory Note ൽ കമ്മിറ്റി നിർദ്ദേശി ച്ചപ്രകാരം സംഘത്തിൽ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കാരണ വും, യഥാസമയം ഇലക്ഷൻ നടത്താത്തതിനുള്ള കാരണവും ഉൾപ്പെടുത്തേണ്ടതുമാണ്. വിജ്ഞാപനം തയ്യാറാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമയബന്ധിതമായി ഈ ആഫീസിൽ അയച്ചുതരുന്നതിന് എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ മാരും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. ടി സർക്കാർ നിർദ്ദേശം എല്ലാ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാരേയും അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ മേലിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.എസ്.രവീന്ദ്രൻ.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ